**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 910** **10-08-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ വൈദ്യുതി ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ ഇപ്പോഴും വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും അവർക്ക് വൈദ്യുതി ലഭ്യമാക്കാൻ പട്ടികവർഗ്ഗക്ഷേമ വകുപ്പ് വൈദ്യുതി വകുപ്പുമായി ചേർന്ന് നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ആയത് എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗ മേഖലകളിലെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് സർക്കാർ വിവിധ വകുപ്പുകളുമായി നടത്തിയ യോഗങ്ങളിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതീകരണം സാധ്യമാകുന്ന എല്ലാ പട്ടികവർഗ്ഗ കോളനികളും അടിയന്തിരമായി വൈദ്യുതീകരിക്കുന്നതിന് KSEB ക്കും അനർട്ടിനും നിർദ്ദേശം നൽകിയിരുന്നു. ലൈനുകൾ/ കേബിളുകളിലൂടെ വൈദ്യുതി എത്തിക്കാൻ പറ്റുന്ന പട്ടികവർഗ്ഗ കോളനികളിൽ KSEB യുടെ ചുമതലയിൽ വൈദ്യുതി എത്തിക്കാനും അതിന് ബുദ്ധിമുട്ടുള്ള ദുർഘടമായ വനാന്തരങ്ങളിലുള്ള കോളനികളിൽ സോളാർ/ ഹൈബ്രിഡ് പദ്ധതി നടപ്പാക്കാൻ അനർട്ടിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>നിലവിൽ KSEB മുഖേന വൈദ്യുതീകരണം നടപ്പിലാക്കി വരുന്ന 15 കോളനികളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു. 21 കോളനികൾ വൈദ്യുതീകരിക്കുന്നതിന് KSEB നടപടി സ്വീകരിച്ചിട്ടുമുണ്ട്.<br><br>കൂടാതെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പട്ടിക വർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | വൈദ്യുതിയുള്ള മേഖലകളിൽ കേബിൾ നെറ്റ്വർക്കോ ടവറുകളുടെ അഭാവമോ മൂലം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനം അന്യാധീനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | വൈദ്യുതിയുള്ള മേഖലകളിൽ കേബിൾ നെറ്റ്വർക്കോ ടവറുകളുടെ അഭാവമോ മൂലം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനം സാധ്യമാകാതിരുന്ന 1284 കോളനികളിൽ 1085 എണ്ണത്തിൽ നെറ്റ് വർക്ക് കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന കോളനികളിൽ കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി BSNL 4 G ടവർ സ്ഥാപിക്കുന്നതിലേക്ക് 166 സ്ഥലങ്ങളിൽ വനഭൂമിയിൽ ഭൂമി ലഭ്യമാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | വനാവകാശ നിയമപ്രകാരമുള്ള (വികസനാവകാശം) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ BSNL ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ